Draft #2 of File 98324/AC A1-1/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 20-Sep-2021 03:05 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വാശ്രയ പ്രോഗ്രാമുകൾ/ കോളേജുകൾ - താൽക്കാലിക അഫിലിയേഷൻ - കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരള സർക്കാരിന്റെ പുതുക്കിയ നിരാക്ഷേപ പത്രം ഹാജരാക്കുന്നത് 2021-'22 വർഷത്തേക്ക് ഒഴിവാക്കാൻ തീരുമാനിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4851/AC A 1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 22.09.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 2071/ACA1/2021/എം.ജി.യു. തീയതി. 19.04.2021

2. 02.09.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. 187/21.04/98324/ACA1-1/2021

**ഉത്തരവ്**

2021-'22 അദ്ധ്യയന വർഷത്തേയ്ക്ക് സ്വാശ്രയ പ്രോഗ്രാമുകളുടെ/കോളേജുകളുടെ താൽക്കാലിക അഫിലിയേഷൻ പുതുക്കി നൽകുന്നതിനായി പരിശോധന സമിതികളെ നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ സ്വാശ്രയ പ്രോഗ്രാമുകൾ/കോളേജുകൾ എന്നിവയുടെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് സന്ദർശിക്കുന്ന പരിശോധന സമിതി മുൻപാകെ കേരള സർക്കാരിന്റെ പുതുക്കിയ നിരാക്ഷേപ പത്രം ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ കോളേജുകളിൽ നിന്നും ലഭിച്ച ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾക്കൊപ്പം 2021-'22 അദ്ധ്യയന വർഷം സ്വാശ്രയ പ്രോഗ്രാമുകൾ/കോളേജുകൾ എന്നിവയുടെ താൽക്കാലിക അഫിലിയേഷൻ പുതുക്കുന്നതിനായി കേരള സർക്കാരിന്റെ നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടുണ്ടായിരുന്നില്ല.

പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ നിർദ്ദേശം പാലിക്കപ്പെടാത്ത സാഹചര്യം 02.09.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും പരാമർശം (2) പ്രകാരം താഴെ പറയും വിധം തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

"2021-'22 അദ്ധ്യയന വർഷം നിലവിലുള്ള സ്വാശ്രയ പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ പുതുക്കി നൽകുന്നതിന് കോവിഡിന്റെ സാഹചര്യത്തിൽ കേരള സർക്കാരിന്റെ പുതുക്കിയ നിരാക്ഷേപ പത്രം 2021-'22 അക്കാദമിക് വർഷത്തേയ്ക്ക് ഒഴിവാക്കുവാനും ആയത് തൊട്ടടുത്ത വർഷം ഹാജരാക്കുന്നതിനും തീരുമാനിച്ചു"

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജുകൾ
2. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.ജെ.ആർ/ഡി.ആർ 1/എ. ആർ 1 (അക്കാദമിക് വിഭാഗം)

5.എസി എ 1/എസി എ7/എസി ബി7

6. എസി സി1/എസി സി2/ സിറ്റാഡ്/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എ.ടി.ആർ.
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 98324/AC A1-1/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 20-Sep-2021 03:05 PM - Page 2